(ബി) പ്രസ്തുത റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ ഏതെങ്കിലും ഡിപ്പാർട്ടുമെന്റിലോ സ്ഥാപനങ്ങളിലോ താൽക്കാലികടിസ്ഥാനത്തിലും ദിവസക്കൂലി അടിസ്ഥാനത്തിലും പുറത്തുനിന്നു ജോലിക്കാരെ നിയമിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെങ്കിലും വിഭാഗത്തിൽ എത്ര പേരെ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ സംസ്ഥാന ആഫീസിലും ജില്ലാ ആഫീസുകളിലുമായി 9-7-1986-ൽ നിലവിലുണ്ടായിരുന്ന വിവിധ തസ്തികകയ്ക്കായുള്ള റാങ്കു ലിസ്റ്റുകളിൽ ആകെ 92101 ഉദ്യോഗാർത്ഥികയ നിയമനം ലഭിക്കാതെ അവശേഷിക്കുന്നുണ്ടായിരുന്നു.

30-9-1986 വരെ നിയമനം ലഭിക്കാതെ അവശേഷിക്കുന്നവരുടെ വിവരം ശേഖരിച്ചുവരുന്നു.

(ബി) വിവരം ശേഖരിച്ചുവരുന്നു.

പി. എസ്. സി. റാങ്ക് ലിസ്റ്റ്

(P. S. C. Rank List)

419. [530] ശ്രീ. ജി. വരദൻ : കീഴ്കാണും വിണ്ണക്കളുക്കു മുതൽ മന്ത്രി തയൈകൂർന്തു വിടൈ നൽകുവാരാ :

(എ) മാനിലത്തിൽ പല തുറൈകളിലും പൊതുത്തുറൈ സ്ഥാപനങ്കളിലും ഉൾള കാലിയാന പതവികളുക്കു തക്ക സമയത്തിൽ നിയമനം നടക്കാതതിനാൽ പി. എസ്. സി. റാങ് ലിസ്റ്റുകൾ രത്താക്കപ്പടും വിഷയം അരിൻ കവനത്തിൽ പട്ടുൾളതാ ;

(ബി) പി. എസ്. സി.-യിൽ ഇപ്പോതു പല പതവികളുക്കുമാക എത്തനൈ റാങ് ലിസ്റ്റുകൾ നിലവിൽ ഉൾളന ?

Answer

(a) No. A Ranked list published by the Commission shall remain in force for a period of one ye r from the date on which it is brought into force and that list will continue to be in force till the publication of a new list after the expiry of the minimum period of one year or till the expiry of three years. Those lists from which not even one candidate has been advised for appointment during the maximum validity period of three years shall continue to be in force for one more year or till at least one candidate is advised from that list whichever is earlier. On the requisition of the appointing authorities candidates will be advised from these ranked lists for appointment.

(b) Information is being collected from the District Offices of the Public Service Commission.

പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിയമന രീതിയിലെ അപാകത

420. [531] ശ്രീ. കെ. മൂസ സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങയ്ക്ക് മുഖ്യമന്ത്രിസദയം മറുപടി നൽകുമോ :

(എ) സർക്കാർ-അർദ്ധസർക്കാർ സ്ഥാപനങ്ങളിലേക്ക് നിയമനങ്ങയ നടത്തുന്ന കേരളാ പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഇന്നത്തെ നിയമന രീതിയിൽ അപാകതകയ ഉള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പരിഹരിക്കുന്നതിന് ഗവൺമെന്റ് എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) നിയമന രീതിയിൽ അപാകതകൾ ഉള്ളതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ നിയമന പ്രക്രിയ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി ചുവടെ സൂചിപ്പിച്ചിട്ടുള്ള നടപടികൾ അടുത്തകാലത്ത് സ്വീകരിച്ചിട്ടുണ്ട്.

1. താൽക്കാലിക നിയമനം നടത്തുന്നതിനു മുമ്പായി ബന്ധപ്പെട്ട തസ്തികകൾക്കായുള്ള റാങ്ക് ലിസ്റ്റ് നിലവിലില്ലെന്ന സർട്ടിഫിക്കറ്റ് പി. എസ്. സി. യിൽ നിന്ന് വാങ്ങിയിരിക്കണം.

2. പി. എസ്. സി. മുഖേന നിയമിക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഡ്യൂട്ടിയിൽ പ്രവേശിക്കാൻ അനുവദിച്ചുപോയ പരമാവധി കാലാവധി മൂന്നുമാസത്തിൽനിന്നും 45 ദിവസമാക്കി കുറച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചു.

ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെയും ചിത്രാഞ്ജലി സ്റ്റുഡിയോയിലെയും നിയമനങ്ങൾ

421. [532] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനിലെയും തിരുവല്ലത്തുള്ള പൊതുമേഖല സ്ഥാപനമായ ചിത്രാഞ്ജലി സ്റ്റുഡിയോയിലെയും നിയമനങ്ങൾ നടത്തുന്നത് ആരാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് ആരാണ് ;

(സി) ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമം എന്താണെന്ന് വെളിപ്പെടുത്താമോ ;

(ഡി) 25-5-1982-നുമുമ്പ് മുകളിൽ പറഞ്ഞ രണ്ടു സ്ഥാപനങ്ങളിലും നിയമനങ്ങൾ നടന്നിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ എത്ര ;

(എഫ്) ഏതെല്ലാം തസ്തികകൾ ;

(ജി) നിയമനങ്ങളിൽ സംവരണതത്വം പാലിക്കാറുണ്ടോ ;

(എച്ച്) പ്രസ്തുത സ്ഥാപനങ്ങളിൽ സ്ഥിരം ലാവണങ്ങളിൽ നിയമിക്കപ്പെട്ടവർ എത്ര ;

(ഐ) അതിൽ മുന്നോക്കസമുദായാംഗങ്ങൾ എത്ര ;

(ജെ) പിന്നോക്ക സമുദായാംഗങ്ങൾ എത്ര ;

(കെ) പട്ടികജാതി-പട്ടികവർഗ്ഗക്കാർ എത്ര ;

(എൽ) നിയമനങ്ങൾ പി. എസ്. സി. യ്ക്ക് വിട്ടുകൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(എം) ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly